# ABHA

## [ AYUSHMAN BHARATH HEALTH ACCOUNT ]

## REGISTRATION


Prepared by:

**DR MANESH KUMAR E**

State Nodal Officer [ABDM]

Indian Systems of Medicine


**Ayushman Bharat Digital Mission**

# ABHA

## [ AYUSHMAN BHARATH HEALTH ACCOUNT ]


ആരോഗ്യരംഗത്തെ ഡിജിറ്റലൈസേഷന്റെ ഭാഗമായി ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷനിൽ ഉൾപ്പെടുത്തി, സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഒന്നാണ് ABHA . രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും, ഒരു unique health ID ക്രിയേറ്റ് ചെയ്യുകയെന്നതാണ് ABHA കൊണ്ട് ഉദ്ദേശിക്കുന്നത്. ABHA മുഖേന, പൊതുജനങ്ങളുടെ ആരോഗ്യസംബന്ധമായും ചികിത്സാസംബന്ധമായുമുള്ള എല്ലാ വിവരങ്ങളും, അവരുടെ സമ്മതത്തോടെ, ഇന്ത്യയുടെ ഏത് ഭാഗത്തുമുള്ള അംഗീകൃത ചികിത്സകർക്കും ലഭിക്കുന്നതാണ്. ABHA മുഖേനയുള്ള ഹെൽത്ത് ഡേറ്റാ ഷെയറിംഗ്, ആ വ്യക്തിയുടെ സമ്മതത്തോടെ [ മൊബൈൽ OTP വഴി ] മാത്രമേ നടക്കൂ എന്നതിനാൽ, ABHA സിസ്റ്റം പൂർണ്ണമായും secure ആണ്. ABHA നമ്പർ ജനറേറ്റ് ചെയ്യുമ്പോൾ, അതിനോടൊപ്പം തന്നെ ഒരു PHR/ABHA Address കൂടി നമുക്ക് ജനറേറ്റ് ചെയ്യേണ്ടതായുണ്ട്. ഈ അഡ്രസ്സ് ഉപയോഗിച്ച്, ആഭയുടെ വെബ്സൈറ്റിൽ നമുക്ക് ലോഗിൻ ചെയ്യാവുന്നതാണ്. ABHA യും HPR & HFR ഉം കൂടി പൂർണ്ണതോതിൽ പ്രവർത്തനക്ഷമാകുന്നതോടുകൂടി, ആരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് വരാൻ പോകുന്നത്.

ആധാർ കാർഡ് നിലവിൽ വന്നിരുന്ന ആദ്യസമയങ്ങളിൽ അത് mandatory അല്ലാതിരുന്നതുപോലെ, **നിലവിൽ ABHA നമ്പർ mandatory അല്ല. എന്നാൽ, ഭാവിയിൽ അത് mandatory ആക്കിയേക്കാം. പൊതുജനങ്ങൾക്ക്, അവർ ക്രിയേറ്റ് ചെയ്ത ABHA നമ്പർ എപ്പോൾ വേണമെങ്കിലും KYC എഡിറ്റ് ചെയ്യുകയോ, ഡിലിറ്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.**


മുമ്പ്, നാഷണൽ ഹെൽത്ത് ഐ.ഡി. ആയി ജനറേറ്റ് ചെയ്തിരുന്ന അതേ നമ്പർ തന്നെയാണ്, ഇപ്പോൾ ABHA ആക്കി മാറ്റിയിരിക്കുന്നത്. കേരളത്തിൽ നിലവിൽ 1.33 കോടി ജനങ്ങൾ ABHA ജനറേറ്റ് ചെയ്തുകഴിഞ്ഞു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. മുമ്പ് നാഷണൽ ഹെൽത്ത് ഐ.ഡി. ജനറേറ്റ് ചെയ്ത ആൾക്കാർക്ക്, പുതുതായി ABHA നമ്പർ ജനറേറ്റ് ചെയ്യുമ്പോൾ, പഴയ അതേ നമ്പർ തന്നെ ABHA നമ്പറായി ലഭിക്കുന്നതാണ്.

## ABHA Number Generation:


ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നതിനായി www.healthid.ndhm.gov.in അല്ലെങ്കിൽ www.healthid.abdm.gov.in വെബ്സൈറ്റ് ഓപ്പണാക്കുക. ഹോംപേജിലുള്ള **Create ABHA Number** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.





ABHA നമ്പർ ജനറേറ്റ് ചെയ്യുന്നതിനുള്ള വിൻഡോ ഓപ്പണാകുന്നതാണ്. അതിൽ Using Aadhaar എന്ന ഓപ്ഷൻ സെലക്ട് ചെയ്തശേഷം, താഴെയുള്ള Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.




4 സ്റ്റെപ്പുകളിലായി ABHA നമ്പർ ജനറേറ്റ് ചെയ്യാവുന്നതാണ്. Consent Collection നായി, നിർദ്ദിഷ്ടകോളത്തിൽ ആധാർ നമ്പർ നൽകുക.





തുടർന്ന്, താഴെയുള്ള I agree എന്ന ചെക്ക്ബോക്സിൽ ടിക്ക് മാർക്ക് ചെയ്തശേഷം Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.





തുടർന്ന്, ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന ആധാർ OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്യുക.




ആധാർ ഓതന്റിക്കേഷൻ പൂർത്തിയാവുകയും, ആധാർ ഡേറ്റാബേസിൽ നിന്നും ഫോട്ടോയടക്കമുള്ള നമ്മുടെ വിവരങ്ങൾ സ്ക്രീനിൽ വരികയും ചെയ്യുന്നതാണ്. ഈ പേജിൽ താഴെയുള്ള Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.





അതിനുശേഷം, ABHA നമ്പർ ഓതന്റിക്കേറ്റ് ചെയ്യുന്നതിനായി ഒരു മൊബൈൽ നമ്പർ നൽകേണ്ടതാണ്. ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പറോ, മറ്റേതെങ്കിലും മൊബൈൽ നമ്പറോ നൽകാവുന്നതാണ്. **ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ നൽകുന്നതാവും കൂടുതൽ ഉചിതം.**



അതിനുശേഷം, ഇ മെയിൽ വെരിഫിക്കേഷനായി നമ്മുടെ ഇ മെയിൽ നൽകേണ്ടതാണ്. തുടർന്ന്, **Get OTP** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.





തുടർന്ന്, ഇ മെയിലിൽ വരുന്ന **OTP** നൽകിയശേഷം സബ്മിറ്റ് ചെയ്യുക.നമ്മുടെ **ABHA** നമ്പർ ക്രിയേറ്റ് ആയതായി മെസേജ് വരുന്നതാണ്. സ്ക്രീനിൽ നമ്മുടെ പതിനാലക്ക **ABHA** നമ്പർ കാണാവുന്നതാണ്.



## ABHA Address Creation:


തുടർന്ന്, ABHA Address ക്രിയേറ്റ് ചെയ്യുന്നതിനായി, താഴെയുള്ള Link ABHA Address എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. അതിനുശേഷം വരുന്ന പേജിലെ Do you have an existing ABHA Address എന്ന ചോദ്യത്തിൽ No സെലക്റ്റ് ചെയ്തശേഷം, താഴെയുള്ള **Sign Up for ABHA Address** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




ABHA യിലെ നമ്മുടെ പ്രൊഫൈൽ ഓപ്പണാകുന്നതാണ്. ഈ പേജിൽ താഴെയായി ABHA Address നൽകുന്നതിനുള്ള കോളത്തിൽ നമുക്ക് ഇഷ്ടമുള്ള അഡ്രസ്സ് നൽകുക **[ Ex: maneshkumar@abdm ]** നമ്മൾ നൽകുന്ന അഡ്രസ്സ് available ആണെങ്കിൽ, അത് നമുക്ക് അനുവദിച്ച് കിട്ടുന്നതാണ്.



തുടർന്ന്, താഴെയുള്ള CREATE AND LINK എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന്, **നമ്മൾ നൽകിയ ABHA Address, ABHA നമ്പറുമായി ലിങ്ക് ആകുന്നതാണ്.** അതിനുശേഷം, ABHA ID Card ജനറേറ്റ് ചെയ്യുന്നതിനായി, നമ്മുടെ ABHA അക്കൗണ്ടിൽ ലോഗിൻ ചെയ്യുക.





## ABHA Account Login:

ABHA ID Card ഡൗൺലോഡ് ചെയ്യുന്നതിനും, അതിന്റെ ഡേറ്റാബേസിൽ അനുവദനീയമായ എഡിറ്റിംഗ് നടത്തുന്നതിനും, ആഭാ അക്കൗണ്ടിൽ ലോഗിൻ ചെയ്യേണ്ടതാണ്. അതിനായി, www.healthid.ndhm.gov.in എന്ന സൈറ്റ് ഓപ്പണാക്കുക. അതിൽ, Create ABHA Number എന്ന ബട്ടണിന് താഴെയായി കാണുന്ന Already Have ABHA Number? ന് നേരെയുള്ള Login ബട്ടണിൽ ക്ലിക്ക് ചെയ്ത്, ABHA അക്കൗണ്ടിലേക്ക് ലോഗിൻ ചെയ്യാവുന്നതാണ്. മുകളിൽ കാണിച്ചിരിക്കുന്ന **Go Back to your ABHA Number Account** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താലും ഇതേ പേജിലേക്കാണ് വരുന്നത്.


Indian Systems of Medicine




ഈ പേജിൽ മൊബൈൽ നമ്പർ ഉപയോഗിച്ചോ, ആഭാ നമ്പർ ഉപയോഗിച്ചോ നമുക്ക് ലോഗിൻ ചെയ്യാവുന്നതാണ്. നമ്പർ എന്റർ ചെയ്തതിനുശേഷം വരുന്ന OTP നൽകിക്കഴിഞ്ഞാൽ, ABHA സൈറ്റിൽ പ്രവേശിക്കാവുന്നതാണ്.





നമ്മുടെ മൊബൈൽ നമ്പർ ഉപയോഗിച്ച്, കുടുംബാംഗങ്ങൾ ആരെങ്കിലും നാഷണൽ ഹെൽത്ത് ഐ.ഡി. / ABHA ജനറേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവരും ഇവിടെ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്.




തുടർന്ന്, എഡിറ്റ് ചെയ്യേണ്ടുന്ന ആഭാ നമ്പറിൽ ക്ലിക്ക് ചെയ്യുക. നമ്മുടെ ആഭാ അക്കൗണ്ടിന്റെ ഹോം പേജ് ഓപ്പണാകുന്നതാണ്.




ഈ പേജിൽ താഴെ പറയുന്ന എഡിറ്റിംഗ് ഓപ്ഷനുകൾ ലഭ്യമാണ്. അക്കൗണ്ട് ഡിലിറ്റ് ചെയ്യണമെങ്കിലോ ഡീ ആക്റ്റിവേറ്റ് ചെയ്യണമെങ്കിലോ ഈ പേജിൽ നിന്നും ചെയ്യാവുന്നതാണ്. ഫോട്ടോയും ആവശ്യമെങ്കിൽ മാറ്റാവുന്നതാണ്.




**നാഷണൽ ഹെൽത്ത് അതോറിറ്റിയുമായും ഇ-ഹോസ്പിറ്റലുമായും ബന്ധപ്പെട്ട എല്ലാ സൈറ്റുകളിലും ABHA നമ്പർ ജനറേറ്റ് ചെയ്യുന്നതിനുള്ള ലിങ്കുകൾ ലഭ്യമാണ്.**